(ബി & സി) ഇക്കാര്യത്തിൽ പ്രത്യേകിച്ച് പഠനമെന്നും നടത്തിയിട്ടില്ല.

(ഡി) 180 ഐ.റ്റി. പ്രൊഫഷണലുകളെ വീതം സൃഷ്ടിക്കാൻ ഉതകുന്ന വിധത്തിൽ 2 പുതിയ എൻജിനീയറിങ്ങ് കോളേജുകൾ സ്ഥാപിക്കാൻ എൽ.ബി.എസ്. നടപടിയെടുത്തു വരികയാണ്. പുതിയതായി ആരംഭിച്ച എല്ലാ എൻജിനീയറിങ്ങ് കോളേജുകളിലും പോളിടെക്നിക്കുകളിലും ഐ.റ്റി. അധിഷ്ഠിത കോഴ്സുകളാണ് ആരംഭിച്ചിട്ടുള്ളത്. തുടർന്നും ആരംഭിക്കുവാൻ ഉദ്ദേശിക്കുന്ന സ്ഥാപനങ്ങളിലും ഐ.റ്റി. മേഖലയ്ക്ക് പ്രാധാന്യമുള്ള കോഴ്സുകൾ ആണ് ആരംഭിക്കുക. സി-ഡിറ്റ്, കേന്ദ്രസർക്കാരിന്റെ കീഴിൽ ഉള്ള നാഷണൽ സെന്റർ ഫോർ സോഫ്റ്റ്വെയർ ടെക്നോളജിയുടെ അംഗീകാരത്തോടുകൂടിയുള്ളതും സോഫ്റ്റ്വെയർ ടെക്നോളജിയിൽ ഉന്നതനിലവാരമുള്ളതുമായ പി.ജി.ഡി.എസ്.ടി. കോഴ്സ് നടത്തിവരുന്നുണ്ട്. സർക്കാർ പ്രഖ്യാപിച്ച ഐ.റ്റി. നയത്തിൽ വിഭാവനം ചെയ്തതു പോലെ മാനവവിഭവശേഷി വികസനത്തിന്റെ ഭാഗമായി തിരുവനന്തപുരത്ത് ടെക്നോപാർക്ക് കാമ്പസിൽ ഒരു ഉന്നത വിദ്യാഭ്യാസ കേന്ദ്രമായ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫർമേഷൻ ടെക്നോളജി ആന്റ് മാനേജ്മെന്റ്-കേരളാ (IIITM-K) സ്ഥാപിച്ചിട്ടുണ്ട്. ബിരുദാനന്തര ബിരുദ നിലവാരത്തിലുള്ള കോഴ്സുകളും വിവിധ ഹ്രസ്വകാല കോഴ്സുകളും പ്രസ്തുത ഇൻസ്റ്റിറ്റ്യൂട്ടിൽ തുടങ്ങുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ആദ്യ ബാച്ച് ഉടനെ തുടങ്ങുന്നതിനുള്ള നടപടി ക്രമങ്ങൾ പൂർത്തിയായി വരുന്നു.

പബ്ലിക് റിലേഷൻ വകുപ്പ് പ്രസിദ്ധീകരണങ്ങൾ

48 (981) ശ്രീ. ടി. എം. ജേക്കബ് :
ശ്രീ. ജോണി നെല്ലൂർ :
ശ്രീമതി കെ. ആർ. ഗൗരിയമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പബ്ലിക് റിലേഷൻസ് വകുപ്പ് എത്ര പ്രസിദ്ധീകരണങ്ങൾ പുറത്തിറക്കിയിട്ടുണ്ട് ; ഇതിനായി എന്തു തുക ചെലവഴിച്ചിട്ടുണ്ട് ;

(ബി) ഇതിൽ എത്ര പ്രസിദ്ധീകരണങ്ങൾ മുഖ്യമന്ത്രിയെ സംബന്ധിച്ചും മുഖ്യമന്ത്രിയുടെ വകുപ്പിനെ സംബന്ധിച്ചും ഉണ്ട് എന്ന് അറിയിക്കുമോ ;

(സി) ഓരോന്നിന്റെയും എത്ര കോപ്പികൾ വീതം അച്ചടിച്ചിട്ടുണ്ട് ;

(ഡി) പബ്ലിക് റിലേഷൻസ് വകുപ്പ് പ്രസിദ്ധീകരണങ്ങൾ വിതരണം ചെയ്യുന്നതിനായി സി.പി.ഐ.(എം)ന് കോപ്പികൾ നൽകിയിട്ടുണ്ടോ ; എങ്കിൽ എത്ര ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പബ്ലിക് റിലേഷൻസ് വകുപ്പിൽ നിന്ന് മലയാളത്തിൽ 215 പ്രചരണ പുസ്തകങ്ങളും ഇംഗ്ലീഷിൽ 52 പുസ്തകങ്ങളും, തമിഴിലും കന്നടയിലും ഓരോ പുസ്തകങ്ങളും പ്രസിദ്ധീകരിച്ചിട്ടുണ്ട്. ടി പ്രസിദ്ധീകരണങ്ങൾ സർക്കാർ പ്രസ്സുകളിലും അർദ്ധ സർക്കാർ പ്രസ്സുകളിലുമാണ് അച്ചടിച്ച് വരുന്നത്. അതിനാൽ ഇതിലേക്കാവശ്യമായ ചെലവുകൾ പ്രത്യേകം കണക്കാക്കിയിട്ടില്ല.

(ബി) മുഖ്യമന്ത്രിയെ സംബന്ധിച്ചും മുഖ്യമന്ത്രിയുടെ വകുപ്പിനെ സംബന്ധിച്ചും മലയാളത്തിൽ 52 പുസ്തകങ്ങളും 26 ഫോർഡറുകളും ഇംഗ്ലീഷിൽ 16 പുസ്തകങ്ങളും പ്രസിദ്ധീകരിച്ചിട്ടുണ്ട്.

(സി) ലിസ്റ്റ് ഇതോടൊപ്പം ഉൾക്കൊള്ളിക്കുന്നു.†

(ഡി) നൽകിയിട്ടില്ല.

ഭാഷാ ന്യൂനപക്ഷങ്ങൾ

49 (983) ശ്രീ. സി. ടി. അഹമ്മദ് അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എത്ര ഭാഷാ ന്യൂനപക്ഷങ്ങൾ ഉണ്ട്, ജില്ല തിരിച്ച് ഏതെല്ലാം ഭാഷക്കാരാണെന്നുള്ള കണക്ക് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത വിഭാഗത്തിന് ഇപ്പോൾ എന്തെല്ലാം സഹായങ്ങളാണ് ഗവൺമെന്റ് നൽകിവരുന്നത് ;

(സി) പുതുതായി എന്തെങ്കിലും സഹായങ്ങൾ നൽകുവാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ ;

(ഡി) എങ്കിൽ എന്തെല്ലാമാണെന്നും എന്നേയ്ക്ക് നടപ്പിലാക്കാൻ കഴിയുമെന്നും വ്യക്തമാക്കാമോ ?

ഉത്തരം

(എ) സംസ്ഥാനത്തെ അംഗീകൃത ഭാഷാ ന്യൂനപക്ഷങ്ങൾ രണ്ടാണ്.

1. തമിഴ് ഭാഷാ ന്യൂനപക്ഷങ്ങൾ
2. കന്നഡ ഭാഷാ ന്യൂനപക്ഷങ്ങൾ

തമിഴ് ഭാഷാ ന്യൂനപക്ഷങ്ങൾ

തിരുവനന്തപുരം ജില്ല : തിരുവനന്തപുരം താലൂക്കിൽ തിരുവനന്തപുരം കോർപ്പറേഷൻ പ്രദേശം.

† അനുബന്ധം - XIV

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം XIV

[28-2-2001-ലെ നക്ഷത്ര ചിഹ്നമിടാത്ത 48 (981)-ാം നമ്പർ ചോദ്യത്തിന്റെ ഉത്തരം ദയവായി കാണുക]

ക്രമനമ്പർ	മുഖ്യമന്ത്രിയുടെ പേരിലുള്ള പുസ്തകങ്ങൾ മലയാളം	അച്ചടിച്ച കോപ്പി
(1)	(2)	(4)
1	കേരളത്തിന്റെ അവകാശങ്ങൾ സംരക്ഷിക്കപ്പെടണം	30,000
2	കാലഘട്ടത്തിന്റെ ശബ്ദം	30,000
3	വികേന്ദ്രീകരണം : മാധ്യമനയത്തിലും പ്രതിഫലിക്കണം	15,000
4	ഗൾഫ് യുറോ ഡയറി	30,000
5	വ്യക്തി, സമൂഹം, വികസനം	10,000
6	പുരോഗതിയുടെ പാദമുദ്രകൾ	10,000
7	ഒൻപതാം പദ്ധതി കേരളത്തിന്റെ സമീപനം	15,000
8	ചരിത്രസാക്ഷ്യങ്ങൾ, വികസന മുഹൂർത്തങ്ങൾ	10,000
9	മുഖ്യമന്ത്രിയും മാർപ്പാപ്പയും ഭഗവദ്ഗീതയും	15,000
10	പ്രത്യാശയുടെ ദീപ്തമുഖം	10,000
11	സന്തുലിത വളർച്ചക്ക് പ്രായോഗികസമീപനം	10,000
12	ശിവഗിരി വസ്തുതകളും യാഥാർത്ഥ്യങ്ങളും	20,000
13	ഗൾഫ് നാടുകളിൽ ഒരിക്കൽകൂടി	10,000
14	കാലത്തിന്റെ കണ്ണാടി	5,000
15	എന്റെ നിയമസഭാ പ്രസംഗങ്ങൾ വോള്യം 1	5,000
16	എന്റെ നിയമസഭാ പ്രസംഗങ്ങൾ വോള്യം 2	5,000
17	സ്നേഹവായ്പോടെ നിങ്ങളുടെ നായനാർ	5,000
18	നവകേരളത്തിന്റെ മൂന്നുഘട്ടങ്ങൾ	5,000
19	കേരളം ഐശ്വര്യത്തിന്റെ പാതയിൽ	5,00,000
20	ജനാധിപത്യത്തിന്റെ ശക്തിദുർഗ്ഗം	10,000
21	തൂലികയുടെ സാഫല്യം	2,000
22	പുനരുദ്ധാനത്തിന്റെ 100 ദിനങ്ങൾ	1,00,000
23	വികസനത്തിന് ഒരു ഉണർത്തുപാട്ട്	5,000

LIBRARY ARCHIVES Kerala Legislative Assembly

(1)	(2)	(4)
24	ജനകീയാസൂത്രണം എന്ത്, എന്തിന്	30,000
25	ജനവിശ്വാസത്തിന്റെ ഉൾക്കരുത്തുമായി	30,000
26	പഞ്ചായത്തുകൾക്കൊരുമാർഗ്ഗരേഖ	15,000
27	കേരളത്തിന്റെ പരോഗതിക്ക് പുതിയസമീപനം	30,000
28	കേരളത്തിന്റെ ശബ്ദം	10,000
29	അഴിമതിമുക്തം ആശാഭരിതം	30,000
30	നേരിന്റെ നിറവ്	2,000
31	മറുനാടൻ മലയാളികൾക്ക് വേണ്ടി	30,000
32	അറിവിന്റെ പൊലിമ	2,000
33	ഭദ്രമായ ക്രമസമാധാന രംഗം	30,000
34	പ്രവർത്തന നിരതം പരിവർത്തനോന്മുഖം	70,000
35	ഗൾഫിൽ തൊഴിൽ തേടുന്നവർക്ക് ഒരു സഹായി	10,000
36	സർക്കാർ ഏജൻസികൾ നടപ്പിലാക്കുന്ന തൊഴിൽ പദ്ധതികൾ	30,000
37	സ്വാതന്ത്ര്യത്തിന്റെ അമ്പതുവർഷം	30,000
38	കേന്ദ്രസംസ്ഥാനബന്ധങ്ങൾ	10,000
39	സമൃദ്ധം, സംതൃപ്തം, സമാധാനപൂർണം	60,000
10	കർമ്മോത്സുകതയുടെ മൂന്നുവർഷം	2,00,000
41	ശാന്തം ഭദ്രം	60,000
42	വിവരസാങ്കേതിക വിദ്യ ജനങ്ങളിലേക്ക്	30,000
43	അക്ഷരങ്ങളേ സാക്ഷി	2,000
44	ഭരണഭാഷാ പഠനപദ്ധതി	30,000
45	നെടുമ്പാശ്ശേരി വ്യോമപഥത്തിൽ	30,000
46	നിറവിന്റെ നാല് വർഷം	50,000
47	സ്വൈരജീവിതം സമാധാനാന്തരീക്ഷം	50,000
48	മറുനാടൻ മലയാളികൾക്ക് പരിരക്ഷ	50,000
49	ആഭ്യന്തര രംഗം ശക്തം ഭദ്രം	5,000
50	അംഗീകാരത്തിന്റെ കരുത്തോടെ അഞ്ചാം വർഷത്തിലേക്ക്	1,00,000
51	ഒൻപതാം പദ്ധതി സാമ്പത്തിക വളർച്ചയ്ക്ക് അടിത്തറ	30,000
52	നേട്ടങ്ങൾ ഒറ്റനോട്ടത്തിൽ	30,000

LIBRARY ARCHIVES Kerala Legislative Assembly

ഫോൾഡറുകൾ

1	മുന്നേറ്റത്തിന് ഒരു മുഖവുര	51,000
2	വാർത്തകൾ വായനയ്ക്കും ചിന്തയ്ക്കും വേണ്ടി	15,000
3	പോലീസിനുവേണ്ടത് മനുഷ്യത്വത്തിന്റെ മുഖം	15,000
4	സംസ്കാരത്തെ തിരിച്ചറിയുക പ്രധാനം	15,000
5	വൈദ്യശാസ്ത്രം മനുഷ്യസേവനത്തിന്	15,000
6	സ്വാതന്ത്ര്യവും മതേതരത്വവും കാത്തുസൂക്ഷിക്കാൻ	15,000
7	സമൃദ്ധി നിറഞ്ഞ കേരളത്തിന് പുനതർപ്പണം ചെയ്യുക	15,000
8	പച്ചക്കറി ഉത്പാദനത്തിൽ സ്വയം പര്യാപ്തത	15,000
9	നല്ല സിനിമയ്ക്കു പ്രോത്സാഹനം	15,000
10	പട്ടുനൂൽപ്പുഴു വളർത്തലിനു കേരളത്തിൽ വൻസാധ്യത	15,000
11	പഞ്ചായത്ത് തലത്തിൽ അഴിമതിക്കെതിരെ ജാഗ്രത	15,000
12	കലയും സംസ്കാരവും മാനവികതയുടെ ഉറവിടം	15,000
13	കുമാരനാശാൻ സവിശേഷമായ വ്യക്തിത്വം	15,000
14	ജലഗതാഗത വികസനത്തിന് വൻസാധ്യത	15,000
15	വികസന പ്രക്രിയയിൽ ജനപങ്കാളിത്തത്തിന് തുടക്കം	15,000
16	അധികാര വികേന്ദ്രീകരണത്തിന് പ്രതിജ്ഞാബദ്ധം	15,000
17	സ്വാശ്രയത്തിനെതിരായ വെല്ലുവിളികളെ ചെറുക്കുക	15,000
18	കിറ്റ് ഇന്ത്യാ സ്വാതന്ത്ര്യസമര ശൃംഖലയിലെ കണ്ണി	15,000
19	പച്ചക്കറി കൃഷിക്ക് വൻസാധ്യത	15,000
20	ഫാക്ടിന്റെ വളർച്ച അസൂയാവഹം	15,000
21	വിദ്യാഭ്യാസരംഗം ; കാലാനുസൃതമാറ്റം അനിവാര്യം	15,000
22	കളക്ടർമാരുടെ പങ്ക് പുനർനിർവ്വചനം ആവശ്യം	15,000
23	വക്കം ഖാദർ : ദേശാഭിമാനത്തിന്റെ മങ്ങാത്ത ജ്വാല	15,000
24	വൈദ്യുതി രംഗത്ത് ലക്ഷ്യം സ്വയം പര്യാപ്തത	15,000
25	ആസൂത്രണത്തിന് ഒരു ജനകീയ പ്രസ്ഥാനം	1,00,000
26	നേട്ടങ്ങളുടെ നാലുവർഷം	2,40,000

LIBRARY ARCHIVES Kerala Legislative Assembly

	English	*Copy*
1.	Voice of Kerala Vol I	5000
2.	Voice of Kerala Vol II	5000
3.	Voice of Kerala Vol III	5000
4.	Voice of Kerala Vol IV	5000
5.	Voice of Kerala Vol V	5000
6.	Voice of Kerala Vol VI	5000
7.	Voice of Kerala Vol VII	5000
8.	Voice of Kerala Vol VIII	5000
9.	Voice of Kerala Vol IX	5000
10.	Voice of Kerala Vol X	5000
11.	Voice of Kerala Vol XI	5000
12.	Voice of Kerala Vol XII	5000
13.	Response to Problems of Non Residential Keralites	15000
14.	Succour to Non Resident Keralites	5000
15.	A Pragmatic approach to planning & Development	5000
16.	Promise and performance	5000

LIBRARY ARCHIVES Kerala Legislative Assembly